*പത്രക്കുറിപ്പ്* *07.08.2017*

# ഐഇഡിസി 2017 : രാജ്യത്തെ ഏറ്റവും വലിയ വിദ്യാർഥി സംരംഭക ഉച്ചകോടി കൊച്ചിയിൽ

തിരുവനന്തപുരം : കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള മൂവായിരത്തോളം വിദ്യാർഥി സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ട് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ്‌യുഎം) കൊച്ചിയിൽ ഉച്ചകോടി സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് 19ന് സംഘടിപ്പിക്കുന്ന ഐഇഡിസി 2017 എന്ന ഇന്ത്യയിലെ ഏറ്റവും വലിയ ഈ വിദ്യാർഥി സംരംഭക സമ്മേളനത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുഖ്യാതിഥിയാകും.

അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ ആൻഡ് എക്സിബിഷൻ സെന്ററിലെ സമ്മേളനത്തിൽ വിദ്യാർഥികളിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി എൻജിനീയറിംഗ്, ടെക്നിക്കൽ, മാനേജ്മെന്റ്, ആർട്സ് ആൻഡ് സയൻസ് കോളജുകളിൽ പ്രവർത്തിക്കുന്ന ചെറിയ ഇൻക്യുബേറ്ററുകളായ ഇന്നവേഷൻ ഓൻട്രപ്രനർഷിപ് ഡെവലപ്മെന്റ് സെന്ററുകളെ (ഐഇഡിസി) ഒരുമിച്ചുകൊണ്ടുവരും. വളർന്നുവരുന്ന വിദ്യാർഥി സംരംഭകർക്ക് പഠിക്കാനും അറിവുകൾ പങ്കുവയ്ക്കാനും സാങ്കേതികവിദഗ്ധരുമായും നയകർത്താക്കളുമായും ഇടപെടാനും അവസരമൊരുക്കുന്നതാണ് ഐഇഡിസി 2017.

ഇതിന്റെ മുന്നോടിയായി സംസ്ഥാനത്ത് നാലു കേന്ദ്രങ്ങളിൽ കഴിഞ്ഞ ശനി യാഴ്ച നടന്ന സമ്മേളനങ്ങളിൽ എണ്ണൂറോളം വിദ്യാർഥികൾ പങ്കെടുത്തു. മാർ ഇവാനിയോസ് വിദ്യാനഗർ, അമൽ ജ്യോതി കോളജ് ഓഫ് എൻജിനീയറിംഗ്, ആദി ശങ്കര കോളജ് ഓഫ് എൻജിനീയറിംഗ്, ഗവൺമെന്റ് പോളിടെക്നിക് കോഴിക്കോട് എന്നീ നാല് വേദികളിലായാണ് ഈ ബിസിനസ് ഹബ് സെഷനുകൾ (ബി-ഹബ്) നടന്നത്.

ഐടി സെക്രട്ടറി ശ്രീ. എം. ശിവശങ്കർ, ഗൂഗ്ൾ ഇന്ത്യ വൈസ് പ്രസിഡന്റും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. രാജൻ ആനന്ദൻ, കെഎസ്‌യുഎം സിഇഒ ഡോ. സജി ഗോപിനാഥ്, ഐസിഫോസ്സ് ഡയറക്ടർ ഡോ. ജയശങ്കർ പ്രസാദ്, പ്രമുഖ നിക്ഷേപകൻ നാഗരാജ പ്രകാശം, ഡെന്റ്കെയർ ഡെന്റൽ ലാബ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ജോൺ കുര്യാക്കോസ് ഉൾപ്പെടെയുള്ള സാങ്കേതികരംഗത്തെ പ്രമുഖർ പരിപാടിയിൽ സംസാരിക്കും.

സംസ്ഥാനവ്യാപകമായി 193 ഐഇഡിസികൾ കെഎസ്‌യുഎം സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൂടെ കേരളത്തിൽ ഇരുനൂറോളം സ്റ്റാർട്ടപ്പുകളെ സൃഷ്ടിക്കാൻ സാധിച്ചതായി ഡോ. സജി ഗോപിനാഥ് പറഞ്ഞു. സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ക്യാംപസുകളിലെ ഇതു സംബന്ധിച്ച മനോഭാവത്തിൽ മാറ്റംവരുത്താനും വിദ്യാർഥികളുടെ കഴിവുകൾ വർദ്ധിപ്പിക്കാനും സാങ്കേതിക, നേതൃത്വ, വ്യവസായ മാതൃക ശിൽപ്പശാലകൾ നടത്തിയാണ് ഇത് സാധിച്ചത്. ഈ ശ്രമങ്ങളെ വിപുലീകരിക്കാനും ശാക്തീകരിക്കാനും സമ്മേളനം സഹായകരമാകുമെന്നും അദ്ദേഹം പറഞ്ഞു.

KERALA
STARTUP MISSION
[ Formerly Technopark TBI ]

സാമൂഹിക സംരംഭകത്വം സംബന്ധിച്ച മുഖ്യപ്രഭാഷണം, പാനൽ ചർച്ചകൾ, ദ്രുത പ്രഭാഷണങ്ങൾ, ഉന്നതതല ചർച്ചകൾ, വ്യവസായ മാതൃക, രൂപകൽപ്പന തുടങ്ങിയവയിൽ സമാന്തര സെഷനുകൾ എന്നിവ സമ്മേളനത്തിൽ ഉണ്ടായിരിക്കും.

റോബോവാർസ്, വട്ടമേശ ചർച്ചകൾ, വിആർ/എആർ ഗെയിമിംഗ്, ഭാവിയിലെ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള സെഷനുകൾ, സ്റ്റാർട്ടപ്പ് എക്സ്പോ, ഇൻകുബേറ്റർ എക്സ്പോ തുടങ്ങിയ സമാന്തര പരിപാടികൾ അടങ്ങിയ പ്രോജക്റ്റ് എക്സ്പോയിൽ അമ്പതോളം വിദ്യാർഥിനിർമ്മിത പ്രോട്ടോടൈപ്പുകൾ അനാവരണം ചെയ്യും. സ്റ്റാർട്ടപ്പ് മെന്ററിംഗ്-ആശയ വിപണന സെഷനുകളും ഉണ്ടായിരിക്കുന്നതാണ്.

കേരളത്തിൽ നിന്നുള്ള രണ്ട് തരം സംരംഭകരെ സമ്മേളനം ഒരുമിച്ചുകൊണ്ടുവരുമെന്ന് ഡോ. സജി ഗോപിനാഥ് പറഞ്ഞു. വിജയിച്ചവരും ആഗോളതലത്തിൽ അവരുടെ വ്യവസായങ്ങൾ സ്ഥാപിച്ചവരുമായ സംരംഭകരും, അവരുടെ വ്യവസായങ്ങൾ ആഗോളതലത്തിൽ സ്ഥാപിക്കാൻ ശ്രമിക്കുന്ന പുതുതലമുറ സംരംഭകരുമാണ് ഈ രണ്ടു വിഭാഗങ്ങളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കമ്പനികൾക്കും സമ്മേളനത്തിൽ പങ്കെടുക്കാം. റജിസ്ട്രേഷനും വിശദവിവരങ്ങൾക്കും www.iedcsummit.startupmission.in.